## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1249 13.12.2012- ൽ മറുപടിക്ക്**

### മലയോര മേഖലയിൽ ഉണ്ടാകുന്ന ഭൂകമ്പങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.എ അഹമ്മദ് കബീർ<br>ശ്രീ. എൻ.എ നെല്ലിക്കുന്ന്<br>ശ്രീ. വി.എം ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ മലയോര മേഖലയിൽ അടിക്കടി ഭൂകമ്പങ്ങൾ ഉണ്ടാകുന്നത് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഭൂകമ്പങ്ങളുണ്ടാകുമ്പോഴുള്ള നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. ഭൂകമ്പ ദുരന്ത നിവാരണത്തിനായി നിർമ്മാണ മേഖലയിൽ പാലിക്കേണ്ട സുരക്ഷാ നടപടികൾ കേരള മുനിസിപ്പൽ/പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കെട്ടിട സുരക്ഷയെ സംബന്ധിച്ച പുതിയ ചട്ടങ്ങൾ നിർമിക്കുമ്പോൾ ഭൂകമ്പ പ്രതിരോധവും ഉൾപ്പെടുത്തുന്ന കാര്യം Techno Legal Regime Expert Committee യുടെ പരിഗണനാ വിഷയമാണ്. ഭൂകമ്പങ്ങൾ ഉണ്ടാക്കാവുന്ന നാശനഷ്ടങ്ങളെക്കുറിച്ചും എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്താറുണ്ട്. കൂടാതെ ഭൂകമ്പങ്ങൾ ഉണ്ടാകുമ്പോഴുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനായി ജലവിഭവ വകുപ്പ് എമർജൻസി ആക്ഷൻ പ്ലാൻ (ഇ.എ.പി) തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | ഭൂകമ്പങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പഠനം നടത്തി മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. എല്ലാ ഡാമുകളിലും ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഡാമുകളുടെ സീസ്മിക് (Seismic) അനാലിസിസ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മുല്ലപ്പെരിയാർ ഡാമിന് സമീപം analogue seismograph മാറ്റി digital seismograph സ്ഥാപിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ